പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1413 — 11.06.2019 -ൽ മറുപടിയ്ക്ക്

**കുമാരമംഗലം മഞ്ഞള്ളൂർ ഭാഗത്തെ ജില്ലാ അതിർത്തി പുനർനിർണ്ണയം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൽദോ എബ്രഹാം : | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) എറണാകുളം ഇടുക്കി ജില്ലകളുടെ അതിർത്തി പ്രദേശമായ മൂവാറ്റുപുഴ താലൂക്കിലെ കുമാരമംഗലം മഞ്ഞള്ളൂർ ഭാഗത്തെ ജില്ലാ അതിർത്തി പുനർനിർണ്ണയിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ;<br><br>(സി) പ്രസ്തുത പ്രദേശത്തെ ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) യും (സി) യും മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിലെ 7,8 വാർഡുകളിൽപെടുന്ന സ്ഥലങ്ങൾ മഞ്ഞള്ളൂർ വില്ലേജിനോട് കൂടുതൽ സാമീപ്യമുള്ളതിനാലും മഞ്ഞള്ളൂർപഞ്ചായത്തിൽ ഉൾപ്പെടുന്നതിനാലും ടി പ്രദേശത്തെ എറണാകുളം ജില്ലയിലെ മഞ്ഞള്ളൂർ വില്ലേജിനോട് ചേർക്കുന്നതിനുള്ള നടപടിക്രമങ്ങളും, ഇടുക്കി ജില്ലയിലെ തൊടുപുഴ താലൂക്കിലെ കോടികുളം, കുമാരമംഗലം വില്ലേജുകളിൽപ്പെട്ട 27 കുടുംബങ്ങളെ എറണാകുളം ജില്ലയിലെ കോതമംഗലം താലൂക്കിലെ കടവൂർ വില്ലേജിൽ ഉൾപ്പെടുത്തി കാളിയാർ പുഴയുടെ പടിഞ്ഞാറെ അതിർത്തിയിലുള്ള കടവൂർ വില്ലേജിനോട് ചേർന്ന് വരുന്ന ഭാഗം മുഴുവൻ സർവ്വേ ചെയ്ത് പുതുക്കിയ റിക്കാർഡുകൾ തയ്യാറാക്കുന്നതിനുമുള്ള നടപടി ക്രമങ്ങളും പൂർത്തിയാക്കി കരട് വിജ്ഞാപനവും തയ്യാറാക്കി ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന സമർപ്പിക്കുന്നതിന് എറണാകുളം, ഇടുക്കി ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ